"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിലെ ശ്രീമതി. കയനാടൻ രമണിയ്ക്ക് ലൈഫ് ലിസ്റ്റിലെ മുൻഗണന ക്രമീകരിച്ച്, ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1022/2024/LSGD തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:-
1. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ സമർപ്പിച്ച കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിന്റെ 25/08/2023 ലെ സാധാരണ യോഗത്തിന്റെ 2(1) നമ്പർ തീരുമാനം
2. 06/03/2024 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ ഖണ്ഡിക (4.11) തീരുമാനം

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിലെ ശ്രീമതി. കയനാടൻ രമണി W/o ശ്രീ പത്മനാഭൻ, ലൈഫ് ലിസ്റ്റിൽ 124 ാം നമ്പറായി ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ കാലവർഷത്തിൽ ടിയാരിയുടെ വീട് പൂർണ്ണമായും തകർന്നതിനാൽ പ്ലാസ്റ്റിക്ക് ഷീറ്റ് കൊണ്ടുള്ള വീട്ടിലാണ് ഇപ്പോൾ താമസിക്കുന്നത്. ആയതിനാൽ ലൈഫ് ലിസ്റ്റിലെ മുൻഗണന പുന:ക്രമീകരിച്ചുകൊണ്ട് ആദ്യം വീട് നൽകാൻ അനുമതി നൽകുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റിക്കു സമർപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് യോഗം തീരുമാനിച്ചു.

2. ബഹു. വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലുള്ള വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06/03/2024 ലെ യോഗം ഈ വിഷയം പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിലെ ശ്രീമതി. കയനാടൻ രമണിയ്ക്ക് ലൈഫ് ലിസ്റ്റിലെ മുൻഗണന പുന:ക്രമീകരിച്ച്, ലൈഫ് മിഷൻ പ്രകാരം ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

ശ്രീമതി കയനാടൻ രമണി (കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ